പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2886 18.06.2018 ൽ മറുപടിയ്ക്ക്

ചോദ്യം
ശ്രീ. എൻ. ഷംസുദ്ദീൻ

മറുപടി
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

## ഹാരിസൺസ് ഭൂമി കൈമാറ്റം

| | | |
|---|---|---|
| (എ) | ഹാരിസൺസ് ഭൂമി ഏറ്റെടുക്കൽ തടഞ്ഞ ഹൈക്കോടതി വിധിയ്ക്കെതിരെ അപ്പീൽ നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. ബഹു. ഹൈക്കോടതിയുടെ 11/4/2018 ലെ WP(C)33122/14 നമ്പർ കേസിലെ വിധി സംസ്ഥാന സർക്കാരിന്റെ താത്പര്യങ്ങൾക്കു ഹാനികരമായിട്ടുള്ളതാക യാൽ ടി വിധിക്കെതിരെ ബഹു.സുപ്രീംകോടതി യിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനു അഡ്വക്കേറ്റ് ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഹാരിസൺസ് ഭൂമി കൈമാറ്റം ചെയ്ത താലൂക്ക് ലാൻഡ് ബോർഡിന്റെ തീരുമാനം പുന:പരിശോധിച്ച് ഭൂമി ഏറ്റെടുക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ? | (ബി) ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 11-4-2018 ലെ 33127/14 നമ്പർ കേസിലെ വിധിയുടെ പശ്ചാത്തലത്തിൽ ഹാരിസൺ കമ്പനിക്കു ഭൂമി കൈമാറ്റം ചെയ്ത ലാൻഡ് ബോർഡിന്റെ തീരുമാനം പുന:പരിശോധിച്ച് ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ